## കുടുംബ വിശേഷങ്ങൾ

# സൺഡേസ്ക്കൂൾ ഡിസ്ട്രിക്ട് സഹപാഠ്യ മത്സര വിജയികൾ

### കത്തീഡ്രൽ സൺഡേസ്ക്കൂൾ



ജൂനിയർ – സമൂഹഗാനം – 3rd Prize ജോർജ്ജിന ജോർജ്ജ്, ഇവാഞ്ചല ബാബു, അൻജു മറിയം സണ്ണി.



സീനിയർ – സമൂഹഗാനം – 1st Prize സിറിൾ ഫിലിപ്പ് ചാക്കോ, ഫേബ റീനാ ജോർജ്ജ്, ദിയാ നൈനാൻ.



**അലൻ തോമസ് ജേക്കബ്ബ്**
തങ്കവാക്യം – 3rd Prize



**സിറിൾ ഫിലിപ്പ് ചാക്കോ**
തങ്കവാക്യം–2nd Prize (Senior)
പ്രസംഗം–3rd Prize
പൊതുവിജ്ഞാനം–2nd Prize



**ഏബൽ ഷിബു വർഗ്ഗീസ്**
തങ്കവാക്യം – 2nd Prize

### ദീപം സൺഡേസ്ക്കൂൾ



**മേഘാ റോമിയോ**
–പ്രസംഗം–
–തങ്കവാക്യം–
-1st Prize

**മിഥുൻ റോമിയോ**
–തങ്കവാക്യം–
–പൊതുവിജ്ഞാനം–
1st Prize (Senior)



**എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ-വി.കുർബ്ബാനസമയം**
October 21 - 10.30 a.m. | October 28 - 07.00 a.m.

### വനിതാസമാജം

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ നാഷണൽ കോൺഫറൻസ്, സുൽത്താൻ ബെത്തേരി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 2012 ഒക്ടോബർ 25, 26, 27 തീയതികളിൽ നടത്തപ്പെടുന്നതാണ്. നമ്മുടെ കത്തീഡ്രലിൽ നിന്നുള്ള സമാജം അംഗങ്ങളും ഇതിൽ പങ്കെടുക്കുന്നുണ്ട്.

### ഓ. സി. വൈ. എം.

2012 സെപ്റ്റംബർ 30-ന് കോട്ടയം ദേവലോകം അരമനയിൽ നടന്ന വൃദ്ധജന സംരക്ഷണവും, സാന്ത്വന ശുശ്രൂഷയും ആസ്പദമാക്കിയുള്ള "സ്നേഹത്തണലിൽ ഈ സായാഹ്നം" എന്ന ഏകദിന പ്രോഗ്രാമിൽ കത്തീഡ്രൽ ഇടവക യൂണിറ്റിനെ പ്രതിനിധീകരിച്ച് സാബു ചെറിയാൻ, ഡേവിഡ് പണിക്കർ, ഏബ്രഹാം ഓലിക്കൽ എന്നിവർ പങ്കെടുത്തു.



എം. ജി. ഒ. സി. എസ്സ്. എം., കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് മെറിറ്റ് അവാർഡിന് തിരഞ്ഞെടുത്ത നമ്മുടെ ഇടവകാംഗം **Christina Mariam Chacko**

### ഇടവക വികസന പ്രവർത്തനങ്ങൾ

നമ്മുടെ ഇടവകയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഇടവകാംഗങ്ങളുടെ എല്ലാ സഹായസഹകരണങ്ങളും ആവശ്യമായിരിക്കുന്ന സമയമാണിത്. ചിറ്റൂർ സെമിത്തേരിയോടു ചേർന്ന് നാലര സെന്റ് സ്ഥലം വാങ്ങാൻ സാധിച്ചത് ഭാവിയിൽ വളരെ പ്രയോജനപ്രദമായിരിക്കും.

എളംകുളം കുരിശുംതൊട്ടി ഇരുന്നിരുന്ന സ്ഥലത്ത് നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ piling ജോലികൾ കഴിഞ്ഞിരിക്കുന്നു. ഈ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായാൽ ഏകദേശം 5400 ച. അടിയോളം സ്ഥലം വാടകയ്ക്ക് നൽകുവാൻ സാധിക്കും. ഈ പ്രവർത്തനങ്ങളൊക്കെ നല്ലനിലയിൽ പൂർത്തീകരിക്കപ്പെടുവാൻ എല്ലാ ഇടവകാംഗങ്ങളുടേയും പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

### വിവാഹം

എറണാകുളം രവിപുരം, ആലപ്പാട്ട് ക്രോസ് റോഡിൽ വലിയവീട്ടിൽ ശ്രീ. ഫിലിപ്പ് മാത്യുവിന്റെയും പരേതയായ ശ്രീമതി റെബേക്കയുടെയും മകൻ George Mathew Philip-ഉം മുംബൈ മൻടോത്തുപറമ്പിൽ ശ്രീ. പി. ടി. തമ്പിയുടെയും ശ്രീമതി മേരി തമ്പിയുടെയും മകൾ Delaya Maria Thampi-യും തമ്മിലുള്ള വിവാഹം 09.09.2012ൽ അഭിവന്ദ്യ യൂഹാനോൻ മാർപോളിക്കാർപ്പോസ് തിരുമേനി കത്തീഡ്രലിൽ ആശീർവദിച്ചു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### വിശേഷദിവസങ്ങൾ

| | | |
|---|---|---|
| **ഒക്ടോബർ 2012** | | |
| 28 ഞായർ | – | എളംകുളം ചാപ്പലിൽ പ.പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ. കത്തീഡ്രലിൽ 6.30ന് ആരംഭിക്കുന്ന ഒരു കുർബ്ബാന മാത്രം. |
| **നവംബർ 2012** | | |
| 2 വെള്ളി | – | പ.പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ. |
| 4 ഞായർ | – | കൂദോശ് ഈത്തോ ഞായർ |

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 6 • ISSUE : 10 OCTOBER 2012

## എഡിറ്റോറിയൽ

# ഇരുട്ടിൽ ഉള്ളത് അറിയുന്ന ദൈവം

അടുത്തയിടെ ഒരു ടി.വി. പ്രോഗ്രാമിൽ പങ്കെടുത്ത വനിത പറഞ്ഞതോർക്കുന്നു. ചോദ്യോത്തര വേളയിൽ അവർ പറഞ്ഞ ഒരു ഉത്തരം ശരിയായപ്പോഴാണ് അവർ ചോദ്യകർത്താവിനോട് ഇപ്രകാരം പറഞ്ഞത്. "ഞാൻ ഒരു ദൈവവിശ്വാസിയാണ്, ഈ ചോദ്യത്തിന് ഉത്തരം പറഞ്ഞത് ഞാനല്ല, എനിക്ക് അതിന്റെ ഉത്തരം തന്നത് ഞാൻ വിശ്വസിക്കുന്ന ദൈവം അയച്ച പരിശുദ്ധാത്മാവാണ്" ഇതൊരു വലിയ സാക്ഷ്യം പറച്ചിലല്ലെ? നമുക്കറിയാൻ പാടില്ലാത്തത് കാണിച്ചു തരുന്ന ദൈവം.

നെബുഖദ്നേസർ രാജാവിനുണ്ടായ സ്വപ്നത്തിന്റെ അർത്ഥം കണ്ടു പിടിക്കുവാൻ ദാനിയേലിനെ വേണ്ടിവന്നു. ദൈവം അതു ദാനിയേലിന് വെളിപ്പെടുത്തിക്കൊടുത്തു. അപ്പോൾ ദാനിയേൽ ദൈവത്തെ വാഴ്ത്തി സ്തുതിച്ചുകൊണ്ട് പറയുന്നു. "അവൻ ഇരുട്ടിൽ ഉള്ളത് അറിയുന്നു. വെളിച്ചം അവനോടുകൂടെ വസിക്കുന്നു" (ദാനി 2:22).

ഒരു യൂറോപ്യൻ സുവിശേഷകൻ തന്റെ കുട്ടിക്കാലത്തെ ഒരു സംഭവത്തെക്കുറിച്ച് ഇങ്ങിനെ പറയുന്നു. പടിഞ്ഞാറൻ സംസ്ക്കാരത്തിൽ പിഞ്ചു കുഞ്ഞുങ്ങളായിരിക്കുമ്പോഴേ അവർ അച്ഛനമ്മമാരിൽ നിന്ന് മാറിയാണ് ഉറങ്ങുന്നത്. നമ്മുടെ സുവിശേഷകൻ ചെറുപ്പത്തിൽ പേടിയുള്ള ആളായിരുന്നു. ഉറങ്ങുന്നതിനു മുമ്പ് കൂടെക്കൂടെ "മമ്മീ, ഡാഡീ നിങ്ങൾ ഉറങ്ങിയോ?" എന്ന് പലപ്രാവശ്യം ചോദിച്ചിരുന്നു. രണ്ടുമുറികൾക്കപ്പുറത്തു കിടക്കുന്ന മമ്മിയുടേയൊ, ഡാഡിയുടേയോ "ഇല്ല മകനെ ഞങ്ങൾ ഉറങ്ങിയിട്ടില്ല" എന്ന ശബ്ദം കേട്ട് ധൈര്യം ഉൾക്കൊള്ളാനാണ് ഇങ്ങനെ ചെയ്തിരുന്നത്. അവരുടെ ശബ്ദം കേൾക്കുമ്പോഴുണ്ടായിരുന്ന ധൈര്യം ആ കുഞ്ഞിന് വളരെ വലുതായിരുന്നു. ചെറുപ്പത്തിൽ അച്ഛനമ്മമാരോടുള്ള ആ വിശ്വാസം പ്രായമാകുമ്പോൾ പതിന്മടങ്ങായി ദൈവത്തിൽ അർപ്പിക്കുവാൻ സാധിച്ചാൽ ജീവിതത്തിലുണ്ടാകുന്ന ഏത് ഇരുട്ടിനേയും ഭയപ്പെടേണ്ട കാര്യമില്ല. ദൈവത്തിന് കഴിയാത്തതായി ഒന്നുമില്ലല്ലോ.

വൈഷമ്യങ്ങളുടെ അന്ധകാരം നമ്മളെ ആവരണം ചെയ്യുമ്പോൾ ദൈവത്തിന്റെ സ്നേഹവും വാത്സല്യവും അനുഭവിച്ചറിയുന്നുണ്ടെങ്കിൽ അതിൽപരം സന്തോഷിക്കുവാൻ എന്താണുള്ളത്? ഇയ്യോബിന് വളരെയേറെ പരീക്ഷണങ്ങൾ ഉണ്ടായെങ്കിലും ഇയ്യോബ് ദൈവത്തെ തള്ളിപ്പറയാതെ ദൈവത്തോടടുത്തു നിന്നു പറഞ്ഞത് "ഞാൻ പോകുന്ന വഴി അവൻ അറിയുന്നു, അവൻ എന്നെ ശോധന ചെയ്താൽ ഞാൻ പൊന്നുപോലെ പുറത്തുവരും" എന്നാണ്. നമ്മുടെ എല്ലാ കാര്യങ്ങളും അറിയുന്ന ദൈവത്തെക്കുറിച്ച് ഇയ്യോബു പറഞ്ഞ ഈ വാക്യങ്ങൾ പറയുവാൻ നമുക്കു സാധിക്കുമോ?

പൂർവ്വ പിതാവായ അബ്രഹാം, ദൈവം ഒരുക്കിയ വിശിഷ്ട നഗരത്തിനായി കാത്തിരുന്നതുപോലെ (എബ്രാ. 11:10, 16), നാമും അവിടുത്തെ പൗരന്മാരുടെ പേരു രേഖപ്പെടുത്തിയ ആ അനുഗ്രഹിക്കപ്പെട്ട പുസ്തകത്തിൽ നമ്മുടെ പേരുണ്ടെന്നു വിശ്വസിച്ച് സമാധാനമായി കാത്തിരിക്കുവാൻ ശീലിക്കണം – എല്ലാം അറിയുന്ന ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി. ■

**നമ്മുടെ പിതാവായ**
**പരിശുദ്ധ തോമാശ്ലീഹായുടെ ഓർമ്മ കഴിപ്പീൻ**

"തമ്പുരാനെ പെറ്റ അമ്മയുടെ അടിയന്തിരം എന്നും ഭക്തിയായി എല്ലാവരും നടത്തിക്കൊൾവിൻ. അമ്മ നിങ്ങളെ കാത്തുകൊള്ളും. **അങ്ങനെ തന്നെ തോമ്മാശ്ലീഹായുടെ ദുഃഖ്റോനോയും കഴിപ്പീൻ.** അവിടത്തെ ഓർമ്മ നിങ്ങൾക്കു വാഴ്‌വിന്നും ആയിരിക്കും – കാരണവന്മാരുടെ അടിയന്തിരം ചുരുക്കത്തിൽ ആയാലും മുടക്കരുത്. അവരുടെ വാഴ്‌വും വലിയതാണ്"

*പ. പരുമല തിരുമേനി*

## ഇടയ ലേഖനം

# കുരിശിന്റെ തിരുനാൾ

*ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത*



ക്രിസ്തീയസഭയിൽ ആദ്യമായി ആഘോഷിച്ചുതുടങ്ങിയ തിരുനാൾ ക്രിസ്തുവിന്റെ പുനരുദ്ധാനമാണ്. ക്രൂശിലെ മരണം വഴിയായി രക്ഷകൻ നേടിത്തന്ന ജീവൻ, പുനരുദ്ധാനം എന്നിവയുടെ ആഘോഷമാണത്. അങ്ങിനെ കുരിശ് വിജയത്തിന്റെ അടയാളവും പ്രഘോഷണവുമായി. അരുംകൊലയ്ക്കുപയോഗിച്ചിരുന്ന കുരിശ് ആരാധ്യവസ്തുവുമായി!

കുരിശിന്റെ സ്ഥാനവും സാംഗത്യവും പ്രപഞ്ചത്തിന്റെയും മനുഷ്യ ജീവന്റെയും മദ്ധ്യ ബിന്ദുവിലാണ്. അവിടെ നിന്നാണ് പാപത്തിൽ നിന്നും രക്ഷയിലേക്കും, മരണത്തിൽ നിന്നും ജീവനിലേക്കുമുള്ള പ്രയാണം ആരംഭിക്കുന്നത്. പീഢനങ്ങൾ, ദാരിദ്ര്യം, രോഗം, മരണം ഇത്യാദി കാര്യങ്ങൾ ലോകത്തു വ്യാപകമായിരിക്കുന്നു എങ്കിലും കുരിശിലെ "സഹനം" മറ്റൊരു അനന്ത സാദ്ധ്യതയുടെ വാതിൽ തുറന്നു. സഹനം അങ്ങനെ സമ്പൂർണ്ണ വിജയത്തിലേക്കുള്ള കുതിപ്പായി. രക്തസാക്ഷികൾ ക്രിസ്തുവിനെപ്രതി മരണം വരിക്കാൻ "ഓടി" നടന്നു എന്നു പറയുന്നത് അതിശയോക്തിപരമെന്നു തോന്നിയേക്കാം. എന്നാൽ രക്ഷകന്റെ സഹനവും മരണവും തുടർന്നുള്ള പുനരുദ്ധാനവും അവർക്ക് ജീവന്റെ പ്രേരണയായി എന്നു പറയുന്നതാവും ഏറെ ശരി.

സഹനം സ്വന്തകാര്യത്തിനുവേണ്ടി മാത്രമാകാൻ പാടില്ല. അതിന്റെ പരമമായ ലക്ഷ്യം പരനന്മയായിരിക്കണം. സ്വന്തം സുഖസൗകര്യങ്ങൾ ഹോമിച്ചുകൊണ്ട്, നിസ്വാർത്ഥയെന്ന സമ്പത്തു നേടി നിസ്വരുടെ പരിത്രാണത്തിന് ഒരുമ്പെടുമ്പോഴേ കുരിശിന്റെ പ്രഭ വെളിവാകുകയുള്ളു. "കുരിശുയുദ്ധം" എന്ന സംജ്ഞതന്നെ ഒരളവിൽ അർത്ഥശൂന്യമാണ്. പിശാചിനോടും തിന്മയോടുമാണ് കുരിശ് പ്രധാന ആയുധവർഗ്ഗമായി അങ്ങിങ്ങ് യുദ്ധം ചെയ്യുവാനുള്ളത്. സമസൃഷ്ടങ്ങളോട് എന്തിന്റെ ഏങ്കിലും പേരിൽ യുദ്ധം ചെയ്യുന്നത് "കുരിശുയുദ്ധ" മാവില്ല തന്നെ.

റോമാ സാമ്രാജ്യത്തിലെ അമ്മമഹാറാണി ഹെലനി, കർത്താവിന്റെ "കുരിശ്" തേടി കണ്ടു പിടിക്കുകയായിരുന്നു. പ്രതീകാത്മക പരമായും ഈ അന്വേഷണം ശ്രദ്ധേയമാണ്. ഓരോ വ്യക്തിയും ദൈവോദ്ദേശ്യത്തെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനുള്ള ശ്രമകരമായ ഉദ്യോഗം പൂർത്തിയാക്കുന്നതിനെയാണ് രാജമാതാവിന്റെ യാത്ര പ്രതിനിധാനം ചെയ്യുന്നത്.

സഹനം ശാരീരികമോ, മാനസികമോ ആകാം. അത് ഒരു ദൈവദാനമായി കരുതുന്നവർക്ക് വിജയവും, സുനിശ്ചിതവുമായിരിക്കും. കുരിശിലെ "ബന്ധങ്ങൾ" പറഞ്ഞുതരുന്ന കഥയും ഭിന്നമല്ല. എല്ലാ ദിക്കുകളെയും അത് സമന്വയിപ്പിക്കുന്നു. "ദിക്കുകളിൽ" നല്ലവരും ദുഷ്ടന്മാരും എല്ലാമുണ്ടായിരിക്കും.

കുരിശിന്റെ ആഘോഷം, അതിന്മേൽ മരിച്ച രക്ഷകനെയും, അദ്ദേഹം നേടിത്തന്ന വിജയത്തേയും ആഘോഷിക്കുന്നതാണ്. "സ്ലീബാ ശത്രുവിനെ ജയിക്കുന്നു" എന്ന സഭയുടെ പ്രഖ്യാപനം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതു നമ്മെ സംരക്ഷിക്കും, ഈ പാരത്രിക ജീവിതത്തിലും അപ്പുറത്തും.

പരുശുദ്ധ സ്ലീബാ നമുക്കു കാവലും കോട്ടയുമായിരിക്കട്ടെ. ■

## വികാരിയുടെ കത്ത്

# പരിശുദ്ധാത്മാവിൻ കിന്നരമായ മാർ അപ്രേം. A.D. 306-373

ഫാ. ഓ. വി. ഏലിയാസ്



വിശ്വാസ ധീരന്മാരും ഭക്തിജീവിതം നയിച്ചിരുന്നവരും "വെള്ളി നക്ഷത്രങ്ങൾ" എന്ന് അറിയപ്പെടുന്നവരുമായ അനേക പിതാക്കന്മാർ ആദിമസഭയിൽ ജീവിച്ചിരുന്നിട്ടുണ്ട്. അവരിലൊരാളാണ് നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം. സുറിയാനി സന്യാസ പാരമ്പര്യത്തിലെ മഹാനായ നേതാവും ആദ്ധ്യാത്മീയ കവിയും വേദശാസ്ത്രജ്ഞനും മല്പാനുമായിരുന്ന മാർ അപ്രേമിനെ സ്വർണ്ണനാവുകാരനായ മാർ ഇവാനിയോസ് വിശേഷിപ്പിക്കുന്നത് "പരിശുദ്ധാത്മാവിൻ കിന്നരമായ മാർ അപ്രേം സുകൃതങ്ങളുടെ ശ്രീഭണ്ഡാരവും, ദു:ഖിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുന്നവനും, യുവാക്കന്മാരുടെ അദ്ധ്യാപകനും, വഴിതെറ്റിപ്പോയവരെ നേർവഴിയിൽ നടത്തുന്നവനും, വേദവിപരീതികളുടെ നേരെ ഇരുമുനയുള്ള വാളും" ആയിരുന്നു എന്നത്രെ. വിഗ്രഹാരാധികളായ മാതാപിതാക്കന്മാരിൽ നിന്ന് AD 303-ൽ നിസ്സിബിൻ പട്ടണത്തിൽ ഈ ദിവ്യകവി ജനിച്ചു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു എന്ന് പറയുന്നവർ ഉണ്ടെങ്കിലും അക്രൈസ്തവൻ എന്നാണ് പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ വിരോധിയായ പിതാവിൽ നിന്ന് രക്ഷപ്പെടുവാൻ ഇദ്ദേഹം ഒളിച്ചോടി നിസ്സിബിലെ മെത്രാനായ മാർയാക്കോബിന്റെ അടുക്കൽ അഭയം കണ്ടെത്തി. സ്നാനം സ്വീകരിച്ച് മാർ യാക്കോബിന്റെ പരിലാളനയിൽ വളർന്നു. വേദഗ്രന്ഥങ്ങൾ പഠിക്കുന്നതിലും പുണ്യപരിശീലനത്തിലും പ്രത്യേക താല്പര്യം കാണിച്ച അപ്രെമിനെ ദയറാവസ്ത്രം നല്കി ശെമ്മാശ്ശനാക്കി മാർ യാക്കൂബ് തന്റെ സെക്രട്ടറിയായി നിയമിച്ചു. സുറിയാനി ഭാഷാ വൈദഗ്ധ്യത്തിൽ അപ്രേമിന്റെ കാലഘട്ടത്തിൽ തനിക്ക് തുല്യനായി മറ്റാരും ഉണ്ടായിരുന്നില്ല.

നിഖ്യാസുന്നഹദോസിൽ സംബന്ധിച്ച പ്രധാനികളിൽ ഒരാളായിരുന്നു മാർ അപ്രേം. നിസ്സീബിനിലെ വൈദീക പാഠശാലയിൽ മുഖ്യ ഗുരുവായി 38 വർഷം പഠിപ്പിച്ചു. നിസ്സീബിൻ പേർഷ്യക്കാർ കീഴടക്കിയതോടെ (A.D. 363) മാർ അപ്രേമും സംഘവും ഓമീദിലേക്കും തദനന്തരം ഉറഹായിലേക്കും പ്രവാസികളായി പോയി. അവിടെ കണ്ടുമുട്ടിയ ഉത്തമ സന്യാസിയായ യൂലിയാൻ അപ്രേമിനെ ദിവ്യ ഉപദേശങ്ങളും സുകൃത പ്രവർത്തനങ്ങളും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന നൂറുകണക്കിന് സന്യാസികളുള്ള ഉറഹാ പർവ്വതത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ച് ഒരു സന്യാസിയുടെ കഠിനവും കർക്കശവുമായ ജീവത ശൈലി സ്വീകരിച്ചു. പിന്നീട് ഏകാന്ത സന്യാസ ജീവിതത്തിന്റെ ഉത്തമ മാതൃകയായി ശോഭിച്ചു. ഈ കാലയളവിൽ ഉറഹായിലെ വിശ്രുതമായ മാതൃകയായി ശോഭിച്ചു. ഉറഹായിലെ വിശ്രുതമായ സുറിയാനി വിദ്യാലയം ഏറ്റെടുത്ത് നേതൃത്വവും നൽകി ഉന്നത നിലവാരത്തിലെത്തിച്ചു.

വസ്ത്ര ധാരണത്തിലും ഭക്ഷണ ക്രമത്തിലും ലളിതമായ ജീവിതശൈലി സ്വീകരിച്ചുപോന്ന ഇദ്ദേഹം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും വ്യാപൃതനായിരുന്നു. സുന്ദരമായ ഭാഷാശൈലിയും, കവിയുടെ ഭാവനാസമ്പത്തും ഗായകന്റെ രാഗമാധുരിയും ആത്മീയാനുഭവത്തിന്റെ ആർജവത്വവും വേദശാസ്ത്രജ്ഞാനത്തിന്റെ ആഴമായ വിശകലനശേഷിയും ഇദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. അതീവ വിനീതനും പരമാർത്ഥിയും, വിശ്വാസം, സ്നേഹം, കാരുണ്യം, നൈർമല്യം ആദിയായ സുകൃത നടപടികളിൽ അലംകൃതനുമായിരുന്നു ഈ പരിശുദ്ധൻ. സത്യവിശ്വാസത്തിനെതിരായി പഠിപ്പിക്കുന്ന വേദവിപരീതികളുടെ നേരെ ഒരു പടയാളിയെപ്പോലെ സുധീരം പോരാടിക്കൊണ്ടിരുന്ന ഇദ്ദേഹം വേദവിപരീതങ്ങൾക്കെതിരെ പദ്യത്തിൽ അതിവിദഗ്ദ്ധമായി വണ്ഡനമെഴുതി വിദ്യാർത്ഥികളെ പഠിപ്പിച്ചു. 12000 മിമ്രാകൾ ഇദ്ദേഹം രചിച്ചിട്ടുണ്ടെന്നാണ് ചരിത്രകാരന്മാർ സാക്ഷിക്കുന്നത്. ഇവയെല്ലാം ഉന്നത സ്ഥാനമർഹിക്കുന്ന വിശിഷ്ട കൃതികളുമാകുന്നു. ലളിതമായ ഭാഷയിൽ ഗഹനങ്ങളായ വിഷയങ്ങളെ പദ്യരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള അപ്രേമിന്റെ പാടവം അനിതസാധാരണമായിരുന്നു. വി. കുദാശകൾ, കന്യാവൃതം, അനുതാപം, വിശ്വാസം, ക്രിസ്ത്യാനിയുടെ ജീവതക്രമം, ദയനേയൂസോ, പുരോഹിതന്മാരുടെയും വിശ്വാസികളുടെയും ശവസംസ്കാരം എന്നീ വിഷയങ്ങളെ അധീകരിച്ചും, പറുദീസായെക്കുറിച്ചും മോറാനായ പെരുന്നാളുകളെക്കുറിച്ചും പഴയപുതിയ നിയമത്തിലെ പരിശുദ്ധന്മാരെക്കുറിച്ചും 550 മദ്റോശോകളും ഗദ്യ പ്രസംഗങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ടെന്നാണ് ഒരു ഏകദേശ കണക്ക്.

ഇതിൽ പല പ്രാർത്ഥനകളും കീർത്തനങ്ങളും സഭയുടെ ആരാധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സുറിയാനി രാഗം തന്നെ ഇദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഉത്തമ ഭരണകർത്താവും ദിവ്യഉപദേശ സമ്പൂർണ്ണനായ ഗുരുവും അതീവ സമർത്ഥനും ഭക്തനും മുനിശ്രേഷ്ഠനും ഭക്തിജീവിതത്തിന്റെ ശ്രേഷ്ഠ മാതൃകയുമായ മാർ അപ്രേം A.D. 373-ൽ നിര്യാതനായി. ■

# കയ്യസൂരി അഥവാ വിശുദ്ധ ചുംബനം

സ്നേഹചുംബനത്താൽ തമ്മിൽ വന്ദനം ചെയ്‌വിൻ. ക്രിസ്തുവിലുള്ള നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ (1 പത്രോ 5 : 14). പുതിയ നിയമത്തിൽ അഞ്ചുപ്രാവശ്യം സ്നേഹചുംബനത്തെക്കുറിച്ചു പറയുന്നു. വിശുദ്ധ ചുംബനം ക്രിസ്തുമതമുണ്ടായപ്പോൾ മുതൽ ആചരിച്ചുപോന്ന പരസ്പര സ്നേഹം പ്രകടിപ്പിക്കാനുള്ള ഒരവിഭാജ്യ ഘടകമായിരുന്നു. വി. പൗലോസിന്റെ പല ലേഖനങ്ങളും അവസാനിപ്പിച്ചിരിക്കുന്നത് സ്നേഹചുംബനത്തെ ഓർമ്മിപ്പിച്ചുകൊണ്ടാണ്. (റോമർ 16:16, 1 കൊരി 16:20, 2 കൊരി 13:12, 1 തെസ്സ 5:26). തമ്മിൽ തമ്മിൽ തെറ്റുകൾ ക്ഷമിച്ചുവെന്നും, ആരാധനയിൽ സംബന്ധിക്കുന്നവർ കർത്താവിൽ ഒന്നാണെന്നും പ്രഖ്യാപിക്കുന്ന വിശുദ്ധമായ ഒരടയാളമായാണ് ഇത് ആദിമ സഭയിൽ ഉപയോഗിച്ചിരുന്നത്. ഇതിന്റെ തുടർച്ചയെന്നോണമാണ് ഇന്നുപയോഗിക്കുന്ന "കയ്യസൂരി" നിലവിൽ വന്നത്. സ്നേഹചുംബനം ഒഴിവാക്കിയാൽ നമ്മുടെ പ്രാർത്ഥന അപൂർണ്ണമാണെന്ന് തെർത്തുല്യനെപ്പോലെയുള്ള വേദപണ്ഡിതർ അവകാശപ്പെട്ടിട്ടുണ്ട്.

ഓർത്തഡോക്സ് സഭയുടെ സമാധാനചുംബനം വളരെ പ്രാധാന്യം അർഹിക്കുന്നു. സഹോദരനുമായി നിരപ്പായശേഷം മാത്രമെ ബലിയർപ്പിക്കാവൂ എന്ന കർതൃകൽപ്പന പാലിക്കപ്പെടാനാണ് പ്രധാന ഭാഗത്തിന്റെ ആരംഭത്തിൽ തന്നെ പരസ്പരം സമാധാനം നൽകുന്നത്. ആദ്യം ദൈവവും മനുഷ്യനും തമ്മിൽ നിരപ്പാവണം എന്നതിന്റെ സൂചനയായി മദ്ബഹായിൽ നിന്ന് പട്ടക്കാരൻ ശുശ്രൂഷകന് സമാധാനം കൊടുക്കുന്നു. പിന്നീട് മനുഷ്യനും മനുഷ്യനും തമ്മിൽ നിരപ്പാവണമെന്നതിന്റെ സൂചനയായി ശുശ്രൂഷകൻ വിശ്വാസികൾക്കും, വിശ്വാസികൾ പരസ്പരവും സമാധാനം കൈമാറുന്നു. ധൂപക്കുറ്റിയും, സമാധാനത്തിന്റെ പ്രതീകമായ കൂപ്പുകൈകളും ചേർത്ത് സമാധാനം നൽകുമ്പോൾ സഭയും, വിശ്വാസികളും തമ്മിൽ ഐകതപ്പെട്ടു എന്നുള്ള സന്ദേശം നൽകുന്നു. ഓരോരുത്തരും അവനവന്റെ അടുത്തവന് തമ്മിൽ തമ്മിൽ സമാധാനം നൽകണമെന്നാണ് കുർബ്ബാന സമയത്ത് ശുശ്രൂഷകൻ ആഹ്വാനം ചെയ്യുന്നത്. ചില പള്ളികളിൽ ഇതിനുപകരം ഒരാൾ തന്നെ പുറകറ്റംവരെയുള്ളവർക്ക് സമാധാനം കൊടുക്കുന്നത് കണ്ടിട്ടുണ്ട്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആദിമ സഭയിൽ ഈ ചുംബനം (Kiss of Peace / Sign of Peace) അടുത്തുള്ളയാളുടെ കവിളിലായിരുന്നു നൽകിയിരുന്നത്. ഇത് ദുരുപയോഗം ചെയ്യാതിരിക്കാൻ സ്ത്രീകളും, പുരുഷന്മാരും വെവ്വേറെ സ്നേഹചുംബനം നൽകുവാൻവേണ്ടി അവർ പള്ളിയുടെ അകത്ത് ഇരുവശങ്ങളിലുമായി നിന്നിരുന്നെന്നും കാണാം.

ഇതിൽനിന്നൊക്കെ നാം കാണേണ്ടത് സമാധാന ചുംബനത്തിന് ക്രിസ്തു ശിഷ്യന്മാരുടെ കാലം തൊട്ട് കൊടുത്തിരുന്ന പ്രാധാന്യമാണ്. നാം ഇന്ന് യാന്ത്രികമായി ചെയ്യുന്ന പലകാര്യങ്ങൾക്കും വി. കുർബ്ബാനയിൽ വലിയ അർത്ഥമുണ്ട്. ഇവയുടെ അർത്ഥം മനസ്സിലാക്കി വി. കുർബ്ബാനയിൽ സംബന്ധിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും.





## കുടുംബ വിശേഷങ്ങൾ

# ആദ്യഫല പെരുന്നാൾ

## സെയിലിന്റെ ആരംഭവും വളർച്ചയും

*വികാരി. ഓ. വി. ഏലിയാസച്ചൻ*

നമ്മുടെ ഇടവകയിൽ ഇന്ന് വിപുലമായി നടത്തി വരുന്ന വാർഷീക സെയിലിന്റെ മുൻകുറിയും ആരംഭവും എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് 1963-നവംബർ മാസം 23-ാം തീയതി "കൗതുക വില്പന" എന്ന പേരിൽ നടത്തിയ വില്പന മേള. ഇടവകയിലെ മർത്തമറിയം സമാജത്തിന്റെയും മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും ആഭിമുഖ്യത്തിലാണ് അത് നടന്നത്. 2682 രൂപ 99 പൈസ അതിൽനിന്ന് വരവുണ്ടായി. പള്ളിയുടെ ഏവൻ ഗേലിയോൻ മേശയ്ക്ക് കസവുപണി ചെയ്ത ഒരു വിരി വാങ്ങിയതിനു ശേഷം ബാക്കി വന്ന തുക പള്ളിയും, സമാജവും, വിദ്യാർത്ഥി പ്രസ്താനവും തുല്യമായി വീതിച്ചെടുത്തു. തുടർന്നുള്ള വർഷങ്ങളിൽ പള്ളിയുടെ ആഭിമുഖ്യത്തിലാണ് സെയിൽ നടന്നുവന്നത്. ഓരോ വർഷവും സെയിൽ ഇനത്തിൽ ക്രമമായ വർദ്ധനവുണ്ടായി. സെയിൽ തുടങ്ങി എട്ടുവർഷം കഴിഞ്ഞാണ് 1971 ജനുവരി ഒന്നിന് സഹപട്ടക്കാരനായി ഞാൻ നിയമിതനാകുന്നത്. ആ വർഷം സെയിൽ വരുമാനം 4478 രൂപ 10 പൈസയാണ്. ചെറിയ തോതിലുള്ള ക്രമമായ വർദ്ധനയാണിത്. ഇടവക മാനേജിംഗ് കമ്മറ്റിയും ആദ്ധ്യാത്മീയ പ്രസ്ഥാനങ്ങളുടെ (പ്രത്യേകിച്ച് മർത്തമറിയം സമാജം) ശ്രമഫലമായി ഓരോ വർഷവും സെയിൽ വരുമാനം വർദ്ധിച്ചുവന്നു. തുടർന്ന് സെയിലിന്റെ നടത്തിപ്പിന് കാലാകാലങ്ങളിൽ പ്രത്യേകമായി വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്തതോടെ ആയിരങ്ങളിൽ തുടങ്ങി പതിനായിരങ്ങളിലൂടെ ലക്ഷങ്ങളിൽ എത്തിനിന്ന തുക ഇപ്പോൾ 15 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. സെയിൽ വിവരം അറിഞ്ഞിട്ടും അറിയാഞ്ഞിട്ടും സെയിൽ പരിപാടികളിൽ സഹകരിക്കാതെ വിട്ടു നിൽക്കുന്ന കുറേപേരെങ്കിലും ഇടവകയിലുണ്ട്. 2013 – സെയിൽ തുടങ്ങിയിട്ട് 50 വർഷം തികയുന്ന ജൂബിലി വർഷമാണ്. ഇടവകയിലെ എല്ലാ ഭവനങ്ങളെയും പൂർണ്ണമായി പങ്കാളികളാക്കി വിപുലമായ നിലയിൽ ആഘോഷമായി ഒപ്പം ഇടവകയുടെ വികസന പ്രവർത്തനങ്ങൾക്ക് സഹായകരമാംവിധം ഒരു സെയിൽ നടത്താൻ ശ്രമിക്കേണ്ടത് ആവശ്യമെന്ന് കരുതുന്നു. ■

**ഒക്ടോബർ 7, ഞായറാഴ്ച നടന്ന സെയിലിന്റെ വിവിധ ദൃശ്യങ്ങൾ**












cmyk